പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3353 29/01/2014-ൽ മറുപടിയ്ക്ക്

## ബാലുശ്ശേരി അസംബ്ലിമണ്ഡലത്തിലെ 'നിറവ്' പദ്ധതി

ചോദ്യം
ശ്രീ. പുരുഷൻ കടലുണ്ടി

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) 'നിറവ്' പദ്ധതി പ്രകാരം ബാലുശ്ശേരി അസംബ്ലിമണ്ഡലത്തിൽ ഓരോ വകുപ്പും ഏതേതു പദ്ധതി പ്രകാരം എത്ര തുക വീതം ഓരോ വർഷവും ചിലവഴിച്ചു എന്ന വിവരം ലഭ്യമാക്കാമോ;

എ) ബാലുശ്ശേരി മണ്ഡലത്തിലെ നിറവ് പദ്ധതി അംഗീകരിച്ചത് 2012-13 വർഷത്തിലാണെങ്കിലും ധനസഹായം അനുവദിച്ചത് 2013-14 വർഷത്തിലാണ്. ആർ.കെ.വി.വൈ പദ്ധതിയിലാണ് ധനസഹായം അനുവദിച്ചത്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന നെൽകൃഷി, നാളികേര വികസന പദ്ധതികൾക്ക് 97.85 ലക്ഷം രൂപ അനുവദിച്ചതിൽ 2013 ഡിസംബർ മാസം വരെ 49.00 ലക്ഷം ചെലവാക്കിയിട്ടുണ്ട്.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2011-12 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 'നിറവ് ' പദ്ധതി പ്രകാരം ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ വിവിധ പദ്ധതികളിലായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി (2011-12) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | സീഡ് കിറ്റുകളുടെ വിതരണം (7500 എണ്ണം) | 1.50 |
| 2. | പച്ചക്കറിത്തൈ വിതരണം (40000 എണ്ണം) | 0.80 |
| 3. | പച്ചക്കറി കൃഷി വ്യാപനം (25 ഹെക്ടർ) | 5.625 |
| 4. | കിഴങ്ങുവിളകിറ്റുകളുടെ വിതരണം (3000 എണ്ണം) | 6.00 |
| 5. | ഫലവൃക്ഷത്തൈകളുടെ വിതരണം (5000 എണ്ണം) | 2.50 |
| 6. | ടിഷ്യൂക്കൾച്ചർ വാഴകളുടെ വിതരണം (5000 എണ്ണം) | 1.00 |